(ബി-ഡി) 5-9-2013-ൽ ടി തസ്തികയ്ക്കായി ഇന്റർവ്യൂ നടത്തിയിരുന്നു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. OP(KAT) 3599/2013-ന്റെ ഭാഗമായി ടി തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതിനാലാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സാധിക്കാത്തത്.

എസ്.സി/എസ്.റ്റി. സമുദായങ്ങൾക്കായി സംവരണം ചെയ്ത ഒഴിവുകൾ

80 (7641) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കായി സംവരണം ചെയ്ത എത്ര ഒഴിവുകളാണ് ഇനിയും നികത്തപ്പെടാതെ കിടക്കുന്നതെന്ന് വകുപ്പു തിരിച്ച് വിശദമാക്കുമോ ;

(ബി) ഇതിൽ ഗസറ്റഡ്, നോൺ ഗസറ്റഡ് തസ്തികകൾ എത്രയെന്ന് അറിയിക്കുമോ ;

(സി) ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ഏത് കാലയളവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളാണിവ ;

(ഡി) സ്പെഷ്യൽ റൂൾ ഇല്ലാത്തതിനാൽ നിയമന നടപടികൾ സ്വീകരിക്കാൻ കഴിയാത്ത എത്ര തസ്തികകളാണ് ഉള്ളതെന്ന് അറിയിക്കുമോ ;

(ഇ) പി.എസ്.സി. നോട്ടിഫൈ ചെയ്തിട്ടും ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത എത്ര തസ്തികകളാണ് ഉള്ളത് ; പ്രസ്തുത തസ്തികകളുടെ പേരുകൾ വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാനതല സ്പെഷ്യൽ റിക്രൂട്ട്മെന്റ് അവലോകനയോഗം അവസാനം ചേർന്നത് എപ്പോഴായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നികത്തപ്പെടാതെ കിടക്കുന്ന ഒഴിവുകൾ 775 ആണ്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി)

ഗസറ്റഡ്	നോൺ ഗസറ്റഡ്	ലാസ്റ്റ് ഗ്രേഡ്
298	299	178

(സി-ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) സംസ്ഥാനതല സ്പെഷ്യൽ റിക്രൂട്ട്മെന്റ് അവലോകന യോഗം അവസാനമായി ചേർന്നത് 13-8-2012-നാണ്. റിവ്യൂ കമ്മിറ്റിയുടെ അടുത്ത യോഗം 29-7-2014-ന് കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിലെ ഒഴിവുകൾ

81 (7642) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയിൽ എത്രപേർ താല്ക്കാലികമായി ജോലി നോക്കുന്നുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽനിന്ന് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കൊല്ലം സി.ജെ.എം. കോടതിക്കു കീഴിലുള്ള പെറ്റി കോടതിയിൽ എൽ.ജി.എസ്. തസ്തികയിൽ എത്ര താല്ക്കാലിക ജീവനക്കാർ ജോലി നോക്കുന്നുണ്ട് ; എത്രകാലമായി ഇവർ ജോലി ചെയ്യുന്നുണ്ട് ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ഇംഗ്ലീഷ്) റാങ്ക് ലിസ്റ്റ്

82 (7643) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (സീനിയർ & ജൂനിയർ) റാങ്ക് ലിസ്റ്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചതെന്നാണ് ; പ്രസ്തുത ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമന ശുപാർശ നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ എത്ര ഒഴിവുകൾ കമ്മീഷൻ മുൻപാകെ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമന ശുപാർശകൾ എന്ന് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) നിലവിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

ബിവറേജസ് കോർപ്പറേഷന്റെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

83 (7645) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly